നം. ഇ3/ഹോസ്റ്റൽ അഡ്മിഷൻ /2024 സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ

തൃശ്ശൂർ , തീയതി : 19 .09.2024

## നോട്ടീസ്

വിഷയം : സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ,തൃശ്ശൂർ – 2024-25 പാഠ്യവർഷത്തിൽ ബി ടെക്/ബി ആർക്ക് (S1) വിഭാഗത്തിൽ മെൻസ് /ലേഡീസ് ഹോസ്റ്റൽ പ്രവേശനം നടത്തുന്നതിനുവേണ്ടി ലഭ്യമായ അപേക്ഷകൾ പ്രകാരം ഒഴിവുള്ള സീറ്റുകളിലേക്ക് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

സൂചന: വിദ്യാർത്ഥികളുടെ അപേക്ഷ

............................................................

മേൽ സൂചനപ്രകാരം ലഭിച്ച അപേക്ഷകൾ അനുസരിച്ച് ഹോസ്റ്റൽ പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് അർഹതയുള്ളവരുടെ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഹോസ്റ്റൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് 23.09.2024 തീയതി ഹോസ്റ്റൽ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ടോക്കൺ വാങ്ങേണ്ടതുമാണ്. ശേഷം സർജന്റ് / മേട്രൻ എന്നിവരുടെ പക്കൽ നിന്നും താൽക്കാലികമായി അന്നേ ദിവസം തന്നെ റൂം അനുവദിക്കുന്നതായിരിക്കും . എന്നാൽ അഡ്മിഷൻ പിന്നീട് ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം അഡ്മിഷൻ സ്ഥിരപ്പെടുത്തുന്നതും രേഖകൾ കൃത്യമല്ല എങ്കില് അഡ്മിഷൻ റദ്ദാക്കുന്നതുമായിരിക്കും . ടോക്കൺ നമ്പറുകളുടെ അടിസ്ഥാനത്തിൽ 23.09.2024,24.09.2024, 25.09.2024 തീയതികളിലായി വിദ്യാർത്ഥികളുടെഅഡ്മിഷൻ നടത്തുന്നതായിരിക്കും .ഹോസ്റ്റൽ പ്രവേശനസമയത്ത് വിദ്യാർത്ഥികൾ രക്ഷാകർത്താക്കൾ സഹിതം താഴെ പറയുന്ന രേഖകൾ ഹാജരാക്കി, അഡ്മിഷനായി ആവശ്യമായി വരുന്ന ഫീസ് ക്യാഷ് ആയി തന്നെ ഫീസ് വിഭാഗത്തിൽ ഒടുക്കേണ്ടതുമാണ്. . പ്രസ്തുത തിയതിയിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികൾ ഹോസ്റ്റൽ പ്രവേശനം ആഗ്രഹിക്കുന്നില്ല എന്ന് കണക്കാക്കി ആ ഒഴിവുകൾ മറ്റു വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതായിരിക്കും. ഹോസ്റ്റൽ പ്രവേശന സമയത്ത് ഹാജരാക്കുന്ന രേഖകളിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത പ്രവേശനം റദ്ദ് ചെയ്യുന്നതും മുൻകൂറായി അടച്ച തുക തിരികെ നൽകുന്നതുമാണ്.

പ്രവേശന തീയതി :

**: ടോക്കൺ നമ്പർ 1 മുതൽ 42 വരെ -23.09.2024 (10.00** മണി മുതൽ **02.00** മണിവരെ. )

**:ടോക്കൺ നമ്പർ 43 മുതൽ 84 വരെ 24.09.2024 2024 (10.00** മണി മുതൽ **02.00** മണിവരെ. )

**:ടോക്കൺ നമ്പർ 85 മുതൽ വരെ 125: 25.09.2024 2024 (10.00** മണി മുതൽ **02.00** മണിവരെ. )

**(ഫീസ് ക്യാഷ് ആയി തന്നെ അഡ്മിഷൻ സമയത്ത് ഫീ സെക്ഷനിൽ ഒടുക്കേണ്ടതാണ്)**

### ഹാജരാക്കേണ്ട രേഖകൾ

1. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചതിന്റെ കോപ്പി/അഡ്മിഷൻ സ്ലിപ്പ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ് )
2. കോളേജ് ഐ ഡി കാർഡ് /ആധാർ കാർഡ് .
3. ഫോട്ടോ 2 എണ്ണം (പാസ്പോർട്ട് സൈസ് -1, സ്റ്റാമ്പ് സൈസ് – 1)
4. സാധുവായ വരുമാന സർട്ടിഫിക്കറ്റ്.
5. BPL വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഒറിജിനൽ റേഷൻകാർഡോ തത്തുല്യ സർട്ടിഫിക്കറ്റോ.
6. SC/ST/PH/OECവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ.
7. ഓൺ ലൈനായി ഫീസ് അടച്ചതിന്റെ രേഖകൾ

അഡ്മിഷൻ എടുക്കുന്ന വിദ്യാർഥികൾ അടക്കേണ്ട ഫീസ് വിവരങ്ങൾ )

| Fees details | General | Reservation (SC, ST, OEC) |
|---|---|---|
| Caution Deposit | 6000 | 1000 |
| Rent Advance | 620 | ---- |
| HDF | 1500 | 1500 |
| MISC | 25 | 25 |
| Admission Fee | 600 | 600 |
| **Total** | **8745/-** | **3125/-** |

**S/d**

വാർഡൻ

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്
3. വെബ് അഡ്മിൻ
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്